**പതിമൂന്നാം കേരള നിയമസഭ**
**പതിനാലാം സമ്മേളനം**
**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.530**
**29.06.2015 ലെ മറുപടിക്ക്**

**<u>ദേശീയ സമ്പാദ്യ പദ്ധതി</u>**

| ചോദ്യം.<br>ശ്രീ. കെ. ദാസൻ | | ഉത്തരം.<br>ശ്രീ. കെ.എം. മാണി (ബഹു. ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി ) |
|---|---|---|
| (എ) | സംസ്ഥാനത്ത് ദേശീയ സമ്പാദ്യ പദ്ധതി മുഖേന സ്വരൂപിക്കുന്ന പണം / നിക്ഷേപം വർദ്ധിപ്പിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ; | ദേശീയ സമ്പാദ്യ പദ്ധതി മുഖേന സ്വരൂപിക്കുന്ന നിക്ഷേപം വർദ്ധിപ്പിക്കുന്നതിനായി ദേശീയ സമ്പാദ്യ പദ്ധതി വകുപ്പിന് 2015-16 സാമ്പത്തിക വർഷത്തേക്ക് നിക്ഷേപ സമാഹരണ ലക്ഷ്യം നിശ്ചയിച്ച് നൽകിയിട്ടുണ്ട്. |
| (ബി) | ഈ സർക്കാരിന്റെ കാലത്ത് എൻ . എസ് . എസ്. മുഖേന സ്വരൂപിച്ച നിക്ഷേപം എത്ര ; വർഷം തിരിച്ച് വിശദമാക്കാമോ ; | ഈ സർക്കാരിന്റെ കാലത്ത് എൻ.എസ്.എസ് മുഖേന സ്വരൂപിച്ച നിക്ഷേപം ചുവടെ ചേർക്കുന്നു. |

| സാമ്പത്തിക വർഷം | മൊത്തം നിക്ഷേപം | മിച്ച നിക്ഷേപം |
|---|---|---|
| 2011 – 12 | 6633.78 കോടി | 186.89 കോടി |
| 2012 – 13 | 6456.80 കോടി | 60.92 കോടി |
| 2013 – 14 | 6931.28 കോടി | 220.49 കോടി |
| 2014 - 15 | 7802.82 കോടി | 44.72 കോടി |

| | | |
|---|---|---|
| (സി) | മഹിള പ്രധാൻ ഏജന്റുമാർക്ക് ഇൻസെന്റീവ് / അലവൻസ് ഇനത്തിൽ കുടിശ്ശിക തീർക്കാനുള്ള തുക എത്ര ; ആയത് തീർക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കുമോ ; | കേന്ദ്ര സർക്കാറിന്റെ നിർദ്ദേശം അനുസരിച്ച് സംസ്ഥാനത്തെ ദേശീയ സമ്പാദ്യ പദ്ധതി ഏജന്റുമാർക്ക് 2011 ഡിസംബർ മാസം മുതൽ ഇൻസെന്റീവ് / അലവൻസ് നൽകുന്നില്ല. ദേശീയ സമ്പാദ്യ പദ്ധതി ഏജന്റുമാരുടെ സേവനം സർക്കാർ നിർദ്ദേശിക്കുന്ന മറ്റ് മേഖലകളിലേക്ക് പ്രയോജനപ്പെടുത്തി ഈ അധിക സേവനം അവരുടെ നിക്ഷേപ സമാഹരണ പ്രയത്നത്തിന് |

| | | |
|---|---|---|
| | | ആനുപാതികമയി നിശ്ചയിച്ച് പ്രതിഫലം നൽകി വരികയാണ് നിലവിൽ ചെയ്ത് വരുന്നത്. അതിനാൽ ഇൻസെന്റീവ് / അലവൻസ് ഇനത്തിൽ ഇപ്പോൾ കുടിശ്ശിക ഒന്നും തന്നെയില്ല. |
| (ഡി) | ദേശിയ സമ്പാദ്യ പദ്ധതി ആകർഷകമാക്കാൻ ആവിഷ്കരിച്ച നവീന പദ്ധതികൾ വിശദീകരിക്കാമോ? | സംസ്ഥാനത്ത് ദേശീയ സമ്പാദ്യ പദ്ധതി ആകർഷകമാക്കുന്നതിനായി നവീന പദ്ധതികളൊന്നും തന്നെ ആവിഷ്കരിച്ചിട്ടില്ല. |

**സെക്ഷൻ ഓഫീസർ**